**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2857** **10-03-2025 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനംവകുപ്പിന്റെ ഈസ്റ്റേൺ സർക്കിളിന് കീഴിലുള്ള നെന്മാറ പാലക്കാട് ഡിവിഷനുകളിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | വനം വകുപ്പിൽ നെന്മാറ, പാലക്കാട് വനം ഡിവിഷനുകളിൽ ലീഗൽ അസിസ്റ്റന്റ് തസ്തിക നിലവിലില്ലാത്തതാണ്. ടി ഡിവിഷനുകളിലെ ആദിവാസി വനസംരക്ഷണ സമിതികൾ ഉൾപ്പെടെയുള്ള വന സംരക്ഷണ സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടും, ഭൂമി സംബന്ധമായ കേസ്സുകൾ കാര്യക്ഷമമായി നടത്തുന്നതുമായി ബന്ധപ്പെട്ടും നെന്മാറ,പാലക്കാട് വനവികസന ഏജൻസികളുടെ ജനറൽ ബോഡി/ എക്സിക്യൂട്ടിവ് കമ്മിറ്റികളുടെ അംഗീകാരത്തോടുകൂടി ഒരു സോഷ്യോളജിസ്റ്റ്-കം-ലീഗൽ അസിസ്റ്റന്റിനെ താൽക്കാലിക അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | ഈ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നടത്തുന്നതിന് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക വിജ്ഞാപനമോ എഴുത്ത് പരീക്ഷയോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ക്രമവിരുദ്ധമായി താൽക്കാലിക നിയമനം നടത്തുവാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | വനം വകുപ്പിൽ നെന്മാറ, പാലക്കാട് വനം ഡിവിഷനുകളിൽ ലീഗൽ അസിസ്റ്റന്റ് തസ്തിക നിലവിലില്ലാത്തതാണ്. ടി ഡിവിഷനുകളിലെ ആദിവാസി വനസംരക്ഷണ സമിതികൾ ഉൾപ്പെടെയുള്ള വന സംരക്ഷണ സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടും, ഭൂമി സംബന്ധമായ കേസ്സുകൾ കാര്യക്ഷമമായി നടത്തുന്നതുമായി ബന്ധപ്പെട്ടും നെന്മാറ,പാലക്കാട് വനവികസന ഏജൻസികളുടെ ജനറൽ ബോഡി/ എക്സിക്യൂട്ടിവ് കമ്മിറ്റികളുടെ അംഗീകാരത്തോടുകൂടി ഒരു സോഷ്യോളജിസ്റ്റ്-കം-ലീഗൽ അസിസ്റ്റന്റിനെ താൽക്കാലിക അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. |
| (സി) | മേല്പറഞ്ഞ താൽക്കാലിക നിയമനങ്ങൾ നടത്തേണ്ടത് സെക്രട്ടറിതല ഉദ്യോഗസ്ഥർ ആണെന്നിരിക്കെ ഡി.എഫ്.ഒ തലത്തിൽ നിയമനം നടത്തിയതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; ആദിവാസി വിഭാഗങ്ങളുടെയും വനാശ്രിത വിഭാഗങ്ങളുടെയും ഉന്നമനത്തിനായി സർക്കാർ തലത്തിലുള്ള കാലതാമസം ഒഴിവാക്കി നേരിട്ട് വിനിയോഗിക്കുവാൻ ചുമതലപ്പെടുത്തിയ | (സി) | ആദിവാസി വിഭാഗങ്ങളുടെയും, വനാശ്രിത വിഭാഗങ്ങളുടെയും ഉന്നമനം അടക്കം ലക്ഷ്യം വെച്ചുകൊണ്ടാണ് നെന്മാറ, പാലക്കാട് വനവികസന ഏജൻസികളുടെ ജനറൽ ബോഡി/ എക്സിക്യൂട്ടിവ് കമ്മിറ്റി അംഗീകാരത്തോടെ ഒരു സോഷ്യോളജിസ്റ്റ് കം ലീഗൽ അസിസ്റ്റന്റിനെ നിയോഗിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട സേവന വേതന വ്യവസ്ഥകൾ അതാത് എഫ്.ഡി.എ-കൾ അംഗീകരിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | എഫ്.ഡി.എ. ഫണ്ട് ദുരുപയോഗം ചെയ്താണ് ഇവർക്ക് വേതനം നൽകുന്നതെന്നും കരാർ നിയമനങ്ങൾക്ക് നൽകാവുന്ന അംഗീകൃത വേതനത്തേക്കാൾ ഉയർന്ന നിരക്കിൽ മേൽപ്പറഞ്ഞ രണ്ട് ഡിവിഷനുകളിൽ നിന്നായി വലിയ തുക പ്രതിമാസ വേതനമായി ഇവർക്ക് അനുവദിച്ച് നൽകുന്നതും ഗൗരവത്തോടെ കാണുന്നുണ്ടോ; ഇവരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കുമോ; ഇവർ അനധികൃതമായി കൈപ്പറ്റിയ തുക തിരികെ പിടിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | | |
| (ഡി) | നിയന്ത്രണങ്ങൾ ബാധകമല്ലാത്ത ഇത്തരം ഉദ്യോഗസ്ഥർക്ക് കെ.ജി.എൽ.ഒ റൂൾസ് ഉൾപ്പെടെയുള്ള വനഭൂമി സംബന്ധിച്ച സുപ്രധാന രേഖകൾ കൈകാര്യം ചെയ്യുന്നതിന് അവസരം നൽകിയിരിക്കുന്നത് സംസ്ഥാനത്തിന്റെ പൊതു താൽപര്യത്തെ ഹനിക്കുന്ന രീതിയിൽ വിവരചോർച്ച ഉണ്ടാകുന്നതിന് കാരണമാകുമെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ വ്യക്തമാക്കുമോ; | (ഡി) | വനഭൂമി സംബന്ധമായ കേസ്സ് ഫയലുകൾ കൈകാര്യം ചെയ്യുന്നത് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & നിക്ഷിപ്ത വനം കസ്റ്റോഡിയൻ എന്നിവരാണ്. ആയതിനാൽ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യത്തെ ഹനിക്കുന്ന രീതിയിലുള്ള വിവര ചോർച്ച ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ചട്ടവിരുദ്ധവും സംസ്ഥാനത്തിന്റെ പൊതു താൽപര്യത്തെ ഹനിക്കുന്നതുമായ മേൽപ്പറഞ്ഞ താൽക്കാലിക നിയമനം അടിയന്തരമായി റദ്ദാക്കി വനം വകുപ്പിന് കീഴിൽ വരുന്ന മുഴുവൻ ലീഗൽ അസിസ്റ്റന്റ് തസ്തികകളിലും നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിര നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | വനം വകുപ്പിന്റെ ഈസ്റ്റേൺ സർക്കിളിന് കീഴിലുള്ള നെന്മാറ പാലക്കാട് ഡിവിഷനുകളിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിലെ താൽക്കാലിക നിയമനം സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ